# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 368

11-06-2013-ൽ മറുപടിക്ക്

### വൈദ്യുതി നിരക്ക് വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗാർഹികവും അല്ലാത്തതുമായ വൈദ്യുതി നിരക്കുകൾ എത്രയായിരുന്നുവെന്നും, ഇപ്പോഴത്തെ താരിഫ് എത്രയെന്നും വെളിപ്പെടുത്താമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന താരിഫിന്റെയും ഇപ്പോഴത്തെ താരിഫിന്റെയും നിരക്കുകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോ തവണയും എത്രവീതമെന്നും വ്യക്തമാക്കുമോ;

(ബി) . ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ രണ്ടു പ്രാവശ്യം അതായത് 2012 ജൂലൈ 1 മുതലും 2013 മെയ് 1 മുതലും വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താനും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും 10 രൂപ നിരക്കിൽ ചാർജ്ജ് ഈടാക്കുവാനും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2012 ജൂൺ മുതൽ ഇതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ 2012 ഡിസംബർ 15 - ാം തീയതി മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്

ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും അതാതു വിഭാഗത്തിനുള്ള എനർജി ചാർജ്ജ് നിലവിലെ നിരക്കിനു പുറമേ പെനാൽറ്റിയായി ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണം 2013 ജൂൺ 1 മുതൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 2012 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങളും 2013 മെയ് 1 തീയതി മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങളും അനുബന്ധം ആയി ചേർത്തിരിക്കുന്നു

(സി) വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കു ന്നതിനുള്ള പരിപൂർണ്ണ അധികാരം വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതിബോർഡ് നിലവിൽ റഗുലേറ്ററി കമ്മീഷൻ മുമ്പാകെ താരിഫ് പരിഷ്കരണത്തിനുള്ള പെറ്റീഷൻ സമർപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്